
# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 4 • ലക്കം 2
ഒക്ടോബർ 2019




For Private Circulation only

A CHURCH OF GOD KERALA STATE
SUNDAY SCHOOL DEPARTMENT PUBLICATION

www.cogsundayschool.org | Email: cgisundayschool@gmail.com



**സണ്ടേസ്കൂൾ**
**പ്രസിഡന്റായി**
**നിയമിതനായ**
## പാസ്റ്റർ ജെ.ജോസഫിന്
**ആശംസകൾ...**



ജൂലൈ 6ന് മുളക്കുഴയിൽ നടന്ന സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ് സോണൽ ഭാരവാഹികളുടെ സംസ്ഥാന സമ്മേളനം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ് ഉദ്ഘാടനം ചെയ്യുന്നു.

# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 4 • ലക്കം 2
• ഒക്ടോബർ 2019


## ലോക ശ്രദ്ധ പതിനാറുകാരിയിലേക്ക്..

ഗ്രേറ്റ് ട്യൂൻ ബെർഗ് എന്ന സ്വിഡിഷ് വിദ്യാർത്ഥി കാലാവസ്ഥാ വ്യതിയാനം തടയാൻ ഭരണകൂടത്തിനെതിരെ മത്സരം ചെയ്താണ് ലോക ശ്രദ്ധ നേടിയിരിക്കുന്നത്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പോരാടിയ യൂസഫ് മലാല എന്ന പാകിസ്ഥാനിയായ 17 വയസുകാരിക്ക് ശേഷം ആധുനിക കൗമാരം ലോക ശ്രദ്ധ നേടുന്നത് ഗ്രേറ്റ് ട്യൂൻ ബെർഗ് എന്ന പെൺകുട്ടിയിലൂടെയാണ്.



പരിസ്ഥിതി മലിനീകരണം ലോകത്തിന്റെ നിലനിൽപിനു ഭീഷണി ഉയർത്തുമ്പോൾ, സാധ്യമാകുന്നത് എല്ലാം ചെയ്യുവാൻ നാം ഓരോരുത്തരും മുന്നോട്ട് വരേണ്ടതുണ്ട്. വായു ജല കരമലിനീകരണം ഏറ്റവും ഉയർന്ന തോതിലാണ് ഇപ്പോഴുള്ളത്. കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി മലിനീകരണത്തിന്റെ അനന്തരഫലമാണ്. നമ്മുടെ കൊച്ചു കേരളവും ഇതിന്റെ തിക്തഫലം എന്ന നിലക്കാണ് കഴിഞ്ഞ രണ്ടു വർഷമായി വെള്ളപ്പൊക്കവും ഉരുൾപൊട്ടലും അനുഭവിക്കേണ്ടിവന്നത്.

ലോകം നേരിടുന്ന വെല്ലുവിളികൾക്ക് എതിരെ ശബ്ദമുയർത്തുന്ന കൗമാരങ്ങൾ ഭാവിയുടെ പ്രതിക്ഷകളാണ്. ആത്മീക ലോകത്ത് ഉയർന്നുവരുന്ന മൂല്യച്യുതിക്ക് എതിരെ നിലപാടുകൾ എടുക്കുമ്പോഴും ആത്മീയരായി ജീവിക്കുവാൻ സ്വയം സമർപ്പിതരാകുമ്പോഴുമാണ് ദൈവരാജ്യത്തിന് ഇന്നിന്റെ കൗമാരങ്ങൾ പ്രതീക്ഷകളായി മാറുന്നത്.


**പാസ്റ്റർ സാലു വർഗ്ഗീസ്**
(സണ്ടേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി)




*വിലാസം:*
നന്മ, സൺഡേസ്കൂൾ
ഡിപ്പാർട്ട്മെന്റ്,
മൗണ്ട് സിയോൻ,
മുളക്കുഴ 689 505

അങ്കിൾജി എഴുതുന്നു...

# "ദൈവത്തോട് സംസാരിക്കാം"

കൂട്ടുകാരെല്ലാം സന്തോഷമായിരിക്കുന്നുവല്ലോ, അല്ലേ? പഠനം, പരീക്ഷ, അവധിക്കാലം, അതിനിടയിൽ താലന്തുപരിശോധനകൾ തുടങ്ങി എല്ലാവരും വളരെ തിരക്കിലാണല്ലോ. എത്ര തിരക്കിലാണെങ്കിലും നാം ഒഴിവാക്കാത്ത ചില കാര്യങ്ങൾ ഉണ്ടല്ലോ. വാട്സാപ്പ് മെസേജ്, ഫേസ്ബുക്ക് പോസ്റ്റുകൾ, അത്യാവശ്യം പന്തുകളി തുടങ്ങി ഒഴിച്ചുകൂടാനാവാത്തതെന്ന് നാം കരുതുന്നതിനെല്ലാം സമയം കണ്ടെത്തുന്നവരാണ് മിക്കവരും. അതിനിടയിൽ പല കൂട്ടുകാരും മാറ്റിവയ്ക്കുന്നത് വചനവായനയും പ്രാർത്ഥനയും ഒക്കെയാണ്. എന്നാൽ ഇങ്ങനെ ആത്മീക കാര്യത്തിൽ താത്പര്യമില്ലാതിരിക്കുന്നത് നമ്മുടെ ജീവിതത്തെ പരാജയത്തിലേക്ക് നയിക്കുവാൻ ഇടയാക്കും.

ഒരിക്കൽ ഒരു കുട്ടി പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞപ്പോൾ പിതാവ് വഴക്കു പറയുമെന്ന് ചിന്തിച്ച് സെമിനാറുകളിൽ പഠിച്ച ഒരു വാചകം എഴുതി പിതാവിന്റെ മേശപ്പുറത്ത് മാർക്ക് ലിസ്റ്റിനൊപ്പം വച്ചു. അതിൽ എഴുതിയിരിക്കുന്നത് "A single paper cannot decide my destiny" (ഒരു പേപ്പർ അല്ല എന്റെ വിധി നിർണ്ണയിക്കുന്നത്) എന്നാണ്. അത് വളരെ അർത്ഥവത്തായ ഒരു കാര്യമാണ്. പക്ഷെ പലപ്പോഴും നാം മാർക്കു കുറയുമ്പോഴും പരാജയപ്പെടുമ്പോഴുമാണ് ഈ വാചകം ഓർക്കുന്നത്. അതിന്റെ മറുവശം കൂടി ഓർപ്പിക്കുവാനാഗ്രഹിക്കുന്നു. 99% മാർക്ക് ലഭിക്കുമ്പോഴും എല്ലായിടത്തും ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോഴും ഈ വാചകം ഓർക്കുന്നത് നല്ലതാണ്. ഈ ഒരു വിജയം അല്ല നമ്മുടെ വിധി നിർണ്ണയിക്കുന്നത്. ഒന്നാം റാങ്ക് നേടിയ പലരും പിന്നീട് ജീവിതത്തിൽ പരാജയപ്പെട്ടുപോയിട്ടുണ്ട്. നമ്മുടെ ബുദ്ധിശക്തിയും, ആരോഗ്യവും പഠനമികവും മാത്രമല്ല നമ്മുടെ ജീവിത വിജയത്തിന്റെ അടിസ്ഥാനം എന്ന് നാം മനസിലാക്കണം.




ജീവിത വിജയത്തിനുള്ള മൂന്നു കാര്യങ്ങൾ ചോദിച്ചപ്പോൾ ഒരു ഭക്തൻ പറഞ്ഞ മറുപടിയാണ് 'ഒന്നാമത് പ്രാർത്ഥന, രണ്ടാമത് പ്രാർത്ഥന മൂന്നാമതു പ്രാർത്ഥന' എന്നത്. കൂട്ടുകാർ എപ്പോഴും ഇത് ഓർമ്മയിൽ സൂക്ഷിക്കണം. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

# ഫലം തരാത്ത അത്തി

ബിജു




എന്തിന് വെറുതെ നിർത്തി സ്ഥലം മോശമാക്കുന്നു. അതിനെ വെട്ടി കളഞ്ഞേക്ക്.
അത്.. യജമാനനേ..
ആ അത്തി വൃക്ഷത്തോട് കരുണ കാണിക്കണം.
ഈ വർഷം കൂടി കിളച്ചും, വളമിട്ടും സംരക്ഷിച്ചും നോക്കാം മേലാൽ കായ്ച്ചാലോ.. ഇല്ലെങ്കിൽ..
വിഷമം ഉള്ള കാര്യമാണെങ്കിലും അത്രയും സംരക്ഷിച്ചിട്ടും ഫലം കിട്ടുന്നില്ലെങ്കിൽ നമുക്ക് വെട്ടിക്കളയാം.
ശരി.. ഞാൻ അത് സമ്മതിച്ചിരിക്കുന്നു.
ദൈവം നമ്മെയും കാത്തു സൂക്ഷിച്ച് നിർത്തിയിരിക്കുന്നത് ഫലത്തിന് വേണ്ടിയാണ്. ദൈവം തന്ന അവസരങ്ങൾ അതിനായി ഉപയോഗിക്കണം.



# നശ്വരമാം ജീവിതം

**വാ**ത്സല്യം തുളുമ്പുന്ന വദനങ്ങളെ കേൾക്ക
സ്ഫടികസമമാണീ ബാല്യവും യൗവ്വനവും
ജ്ഞാനിയിൽ ജ്ഞാനിയായ സോളമൻപോലും ചൊല്ലും
മായയാം യൗവ്വനമോ ക്ഷണഭംഗുരമല്ലോ

ജനിച്ചമർത്ത്യരെല്ലാം മരിക്കും നിസംശയം
കടന്നുപോകേണമീ വാർദ്ധക്യദശകളും
കൈകളാം കാവൽക്കാരൻ വിറക്കും ആ നാൾകളിൽ
മർത്ത്യരിൻ നട്ടെല്ലുകൾ വളയും വില്ലുപോലെ

സിൽക്കിൻ ഭംഗിയാർന്ന തലനാരിഴകളും
പഞ്ഞിതൻ കുടമായി മാറിടും വാർദ്ധക്യത്തിൽ
ശോഭതൻ പര്യായമാം മിഴികോണുകൾ രണ്ടും
കേവലം ഫ്യൂസായുള്ള ബൾബുകൾ പോലെ മാത്രം

ഇതിന്റെ എല്ലാം സാരം നീ കേൾക്ക
ദൈവത്തെ ഭയപ്പെട്ട് കല്പന പ്രമാണിക്ക
നിൻ പ്രവൃത്തികളെല്ലാം വിസ്താരം ചെയ്യുന്നതാൽ
ഓർത്തു കൊള്ളേണം നിൻ സൃഷ്ടിതൻ കർത്താവിനെ

"നിന്റെ യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെ
ഓർത്തുകൊൾക." (ബൈബിൾ)

● *സോയ വിൻസന്റ്, പാമ്പാടി*

നഴ്സറി കുട്ടികളുടെ പേജ്



വായിച്ചു കൊടുക്കാൻ
പറഞ്ഞു മനസ്സിലാക്കാൻ

# അക്കപ്പാട്ട്..


ജോയി പിറവം

ഒന്നേ ഒന്നേ ഒന്നാണ് നമ്മൾ
ഒന്നിച്ചു പാടാം സ്തോത്രഗീതം,
രണ്ടേ രണ്ടേ രണ്ടുണ്ട് കൈകൾ
സന്തതം കൈകൊട്ടിപ്പാടാം
മൂന്നേ മൂന്നേ മൂന്നെന്നു ചൊല്ലാം
എങ്കിലും ഏകൻ എന്റെ ദൈവം
നാലേ നാലേ നാലാൾതൻ നാമത്തിൻ
മദ്ധ്യേ എഴുന്നള്ളും എന്റെ ദൈവം
അഞ്ചേ അഞ്ചേ കൊഞ്ചുന്ന കുഞ്ചേ
തഞ്ചത്തിൽ കിട്ടില്ല സ്വർഗ്ഗരക്ഷ
ആറേ ആറേ മാറാതെ കാക്കും
കാൽവരി നായകൻ എന്റെ കർത്തൻ
ഏഴേ ഏഴേ ഏഴകൾ നമ്മെ
വീഴാതെ താങ്ങുന്നു പൊന്നുനാഥൻ
എട്ടേ എട്ടേ പെട്ടെന്നു കർത്തൻ
വാനിൽ വരുന്നുണ്ട് ഓർത്തുകൊള്ളൂ
ഒമ്പതേ ഒമ്പതേ വമ്പുകളെല്ലാം
പിമ്പിലെറിഞ്ഞിട്ടു ഓടി വായോ
പത്തേ പത്തേ വിത്തൊന്നെറിഞ്ഞാൽ
നൂറായ് കൊയ്തിടാം സോദരരേ...

## നിറം
## കൊടുക്കാമോ?



**A,B,C,D, ...**
**അറിയാമോ**
**കൂട്ടുകാരേ**
**എങ്കിൽ**
**A മുതൽ T വരെയുള്ള**
**കുത്തുകൾ തമ്മിൽ**
**വരച്ചു യോജിപ്പിച്ച്**
**ചിത്രം**
**പൂർത്തിയാക്കൂ...**






# അഹങ്കാരം നന്നല്ല

ക്ലൗദിയ മരിയ ബിജു

**കി**ങ്ങിണി താറാക്കുഞ്ഞും കൊങ്ങിണി കോഴിക്കുഞ്ഞും ചങ്ങാതിമാരാണ്, എന്നാൽ കിങ്ങിണി താറാക്കുഞ്ഞിന് വെള്ളത്തിലും കരയിലും സഞ്ചരിക്കാമെന്ന അഹങ്കാരം ലേശമുണ്ട്, കൊങ്ങിണി കോഴിക്കുഞ്ഞാകട്ടെ പഞ്ചപാവവും. ഒരു ദിവസം മഴക്കാലമെത്തി..! ഹായ് മഴക്കാലം വന്നെത്തി. കിങ്ങിണി താറാവിന് സന്തോഷമായി...! അങ്ങനെ പുഴയെല്ലാം നിറഞ്ഞ് കവിഞ്ഞൊഴുകി. അഹങ്കാരം പിടിച്ച താറാക്കുഞ്ഞ് കൊങ്ങിണിക്കുഞ്ഞിനെ കളിയാക്കി. "നീ കൊതിയോടെ കരയ്ക്ക് നിൽക്ക്, ഞാനൊന്ന് നീന്തിയിട്ട് വരാം..." അങ്ങനെ കോഴിക്കുഞ്ഞിനെ തനിച്ചാക്കി താറാക്കുഞ്ഞ് വെള്ളത്തിൽ നീന്തിപ്പോയി. അതുകണ്ടു നിന്ന ചിണ്ടൻ ചുണ്ടെലി അവൾക്ക് മത്തങ്ങ കൊണ്ടൊരു തോണി ഉണ്ടാക്കിക്കൊടുത്തു, തോണി കിട്ടിയ കൊങ്ങിണി കോഴിക്കുഞ്ഞ് സന്തോഷത്തോടെ വെള്ളത്തിലൂടെ തുഴഞ്ഞ്... അങ്ങതാ അകലെ കിങ്ങിണി താറാക്കുഞ്ഞിന്റെ കരച്ചിൽ! കരച്ചിൽ കേട്ട സ്ഥലം ലക്ഷ്യമാക്കി കൊങ്ങിണി കോഴിക്കുഞ്ഞ് ആഞ്ഞു തുഴഞ്ഞു... അപ്പോഴാണ് താൻ കാണുന്നത് താറാക്കുട്ടന്റെ നേരെ ഒരു പാമ്പ് വരുന്നത്... "വേഗം എന്റെ ഈ മത്തങ്ങാത്തോണിയിൽ കയറിക്കോളൂ... കോഴിക്കുഞ്ഞ് താറാക്കുഞ്ഞിനോടു പറഞ്ഞു... അങ്ങനെ കൊങ്ങിണിയെ, കിങ്ങിണി രക്ഷിച്ചു. സ്വന്തം കഴിവിൽ അഹങ്കരിക്കരുത് എന്ന ഒരു ഉപദേശം അടുത്തുനിന്ന ചിണ്ടനെലി താറാക്കുഞ്ഞ് കൊടുത്തു... അങ്ങനെ കിങ്ങിണി ഒരു പാഠം പഠിച്ചു.




# Funny Riddles

**Blesson Varghese**

1. The fastest runner in the Bible
2. The best mathematician in the Bible.
3. The straightest man in the Bible.
4. The greatest comedian in the Bible.
5. The first drug addict in the Bible.
6. The smartest man in the Bible.
7. What was the nature of Boaz before he got married?
8. Which Biblical character had no parents?
9. Who should make coffee, men or women?
10. How many of each animal did Moses take on the ark?
11. Where is the first mention of insurance in the Bible?
12. The biggest law breaker in the Bible.

***Answers***

1. Adam, He was the first in the human race
2. Moses, the author of the book of Numbers.
3. Joseph, because the Pharaoh made him a ruler.
4. Samson, He brought the house down.
5. Nebuchadnezzar. He was on the grass for seven years.
6. Abraham, He knew a lot.
7. Ruth-less.
8. Joshua, son of Nun
9. Men, There is a whole book about it - He Brews.
10. None, it was Noah.
11. When Adam and Eve needed more coverage.
12. Moses, He broke all 10 commandments at once.






# ഒരു ബാലന്റെ സമ്മാനം

ദെ വെറെ റാംസെ

'നീ ബഞ്ചമിനെ കണ്ടോ?' ബെത്സയിദാ ഗ്രാമത്തിലെ കിണറ്റിനരികെ വച്ചു നവോമി തബീഥയോടു ചോദിച്ചു. 'എന്റെ മകൻ, യേശുവിന്റെ പ്രസംഗം കേൾക്കാൻ കടൽക്കരയിലേക്കു വെളുപ്പിനെ പോയതാണ്. ഉച്ചഭക്ഷണം പൊതിയാക്കിക്കൊടുത്തിട്ടുണ്ട്. എത്രദൂരം അവൻ പോയിരിക്കുമോ എന്തോ? നേരം സന്ധ്യയാകാറായി. ഇതുവരെയും അവൻ തിരിച്ചെത്തിയിട്ടില്ല.'

തബീഥാ മറുപടി പറഞ്ഞു. 'ഇല്ല, ഞാനവനെ കണ്ടില്ല. എന്നാൽ നവോമി വിഷമിക്കേണ്ടാ. യേശുവിന്റെ പ്രസംഗം കേൾക്കാൻ ഈ പട്ടണത്തിൽ നിന്നു ധാരാളമാളുകൾ പോയിട്ടുണ്ട്. ബഞ്ചമിൻ അവരുടെ കൂടെ എത്തിച്ചേരും.'



നവോമി കടകൾതോറും കയറിയിറങ്ങി ഇതേ ചോദ്യം ആവർത്തിച്ചു. 'നിങ്ങൾ ബഞ്ചമിനെ കണ്ടോ?' തുകൽ സാധനങ്ങൾ വില്ക്കുന്ന കടയുടെ മുമ്പിൽ അവൾ നിന്നു. കടയുടമസ്ഥനായ നാഥാൻ ചെരുപ്പുകളുടെയും തുകൽസഞ്ചികളുടെയും ഇടയ്ക്ക് ഇരിക്കുകയായിരുന്നു. എല്ലാ പരീശന്മാരെയുംപോലെ അവനും തൊങ്ങലുവച്ച മേലങ്കി ധരിച്ചിരുന്നു. വേദപുസ്തകത്തിലെ ഒരു വാക്യം അടക്കം ചെയ്ത ഒരു ചെറിയ പെട്ടി അവന്റെ നെറ്റിയിൽ കെട്ടിവച്ചിട്ടുണ്ട്.

നവോമി ചോദിച്ചു, 'നിങ്ങൾ ബഞ്ചമിനെ കണ്ടോ? എന്റെ മകൻ യേശുവിന്റെ പ്രസംഗം കേൾക്കാൻ വെളുപ്പിനേ പോയതാണ്. ഇതുവരെ മടങ്ങിവന്നില്ല. അവനും കൂട്ടുകാരുംകൂടി ഇതിലെ വന്നു കാണുമെന്നു ഞാൻ വിചാരിച്ചു.'

'നിന്റെ മകൻ യേശുവിന്റെ പ്രസംഗം കേൾക്കാൻ പോയോ?' ഞാനും അവന്റെ പ്രസംഗം കേട്ടതാണ്. അയാൾക്കു ഭ്രാന്താണ്. ദൈവത്തിന്റെ അടുത്തുനിന്നു വന്നവനല്ല അയാൾ. ആ സഞ്ചാരിയായ ഗുരു ചെയ്യുന്നതെല്ലാം നമ്മുടെ മതത്തിനു വിപരീതമായിട്ടുള്ളതാണ്. എന്തിന്, പത്തു കല്പനകൾ പോലും അവൻ ലംഘിച്ചിരിക്കുന്നു. മോശയുടെ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നത് 'ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക' എന്നാണ്. അതായത് ആ വിശുദ്ധ ദിവസത്തിൽ യാതൊരു ജോലിയും ചെയ്യാൻ പാടില്ല എന്നാണ്. എന്നാൽ ശബ്ബത്തു ദിവസം തന്റെ ശിഷ്യന്മാർക്കു വിശന്നപ്പോൾ ഗോതമ്പുവയലിൽനിന്നു കതിർ പറിച്ചു തിന്നുകൊള്ളുവാൻ യേശു അനുവാദം നൽകി. ശബ്ബത്തു നിയമം ലംഘിക്കലായിരുന്നു അത്. മോശയുടെ ന്യായപ്രമാണം ലംഘിക്കുന്നവൻ ദൈവം അയച്ചവനാകാൻ വഴിയില്ല. എന്നാൽ ബഞ്ചമിനെ കാണാതായതിൽ എനിക്കു വളരെ

വിഷമമുണ്ട്. എന്റെ കടയുടെ അടുത്തെ ങ്ങാനും അവൻ വരികയാണെങ്കിൽ ഞാൻ വീട്ടിലേക്കു പറഞ്ഞുവിട്ടേക്കാം. ഇത്രയും നേരമായിട്ടും വരാഞ്ഞതിന് അവനു നല്ല ശിക്ഷ കൊടുക്കണം.' കുട്ടികളെ എങ്ങനെ വളർത്തണം എന്നതിനെക്കുറിച്ചു നാഥാനു നിശ്ചയമുണ്ടായിരുന്നു.

തുകൽക്കടയിൽനിന്നുമിറങ്ങിയപ്പോൾ കുട്ട നെയ്ത്തുകാരനായ യിസ്ഹാക്ക് പട്ട ണത്തിലേക്കു വരുന്നതു കണ്ടു. അവന്റെ കഴുതപ്പുറത്തു കുട്ടകളുടെ ഒരു കൂമ്പാരം തന്നെയുണ്ടായിരുന്നു.

അവൾ അവന്റെ അടുത്തേക്കോടി. 'നിങ്ങൾ ബഞ്ചമിനെ കണ്ടോ?' അവൾ അതേ ചോദ്യം തന്നെ ആവർത്തിച്ചു. 'അവൻ അതിരാവിലെ യേശുവിന്റെ പ്രസംഗം കേൾക്കാൻ പോയിട്ട് ഇതുവ രെയും തിരിച്ചുവന്നില്ല. നീ പട്ടണത്തിലേക്കു വരുന്ന വഴി ഒരുപക്ഷേ അവനെ കണ്ടി രിക്കാം എന്നു ഞാൻ വിചാരിച്ചു'.

'ഇല്ല, നവോമി. വഴിയിലെങ്ങും ഞാന വനെ കണ്ടില്ല. അവൻ യേശുവിന്റെ അടുത്തു പോയെന്നാണോ നീ പറയുന്നത്?' യിസ്ഹാക്ക് നാലുപാടും നോക്കി ആരും അവരെ ശ്രദ്ധിക്കുന്നില്ലെന്നുറപ്പുവരുത്തി. അവൻ അവളുടെ അടുത്തേക്കു നീങ്ങി അട ക്കിയ സ്വരത്തിൽ പറഞ്ഞു, 'നീയറിഞ്ഞോ, ഞങ്ങൾ യേശുവിനെ യിസ്രായേലിന്റെ രാജാവാക്കാൻ ആഗ്രഹിക്കുന്നു. റോമാ ഭരണം തുടച്ചുനീക്കാൻ തീവ്രയത്നം നട ത്തുന്ന എരിവുകാർ യേശുവിനെ സഹായി പ്പാൻ തയ്യാറായിരിക്കയാണ്. ദൈവരാജ്യ ത്തെപ്പറ്റിയാണ് യേശു പ്രസംഗിക്കുന്നത്. ഇതൊരു വിപ്ലവമാണെന്നു ഞങ്ങൾക്കറി യാം. ഇവിടെയുള്ള എല്ലാ റോമാ പൗരന്മാ രെയും കൊന്നൊടുക്കിയശേഷം ഞങ്ങൾ യേശുവിനെ നമ്മുടെ രാജാവാക്കും.' അവൻ വസ്ത്രത്തിനകത്തു സൂക്ഷിച്ചിരുന്ന വാളിന്റെ നേർക്കു കൈ ചൂണ്ടി.

ഇവരുടെ സംസാരം വേറൊരാൾ ശ്രദ്ധി ക്കുന്നുണ്ടായിരുന്നു. പട്ടണത്തിലെ കൗൺസിൽ മെമ്പറും സദൂക്യനുമായ ഏലി. അദ്ദേഹം പറഞ്ഞു, 'യിസ്ഹാക്കേ, യേശു റോമാ ഗവണ്മെന്റിനെതിരായി ഒരു വിപ്ലവം നയിക്കണമെന്നു നീ ആഗ്രഹിക്കുന്നുണ്ടോ? എന്നാൽ നിനക്കു തെറ്റുപറ്റി. സായുധ വിപ്ലവം ജയിക്കാൻ പോകുന്നില്ല. ഞങ്ങൾ അനുരഞ്ജനത്തിലൂടെ കാര്യം നേടാൻ നോക്കുകയാണ്. എന്നാൽ ഈ യേശുവാണ് കുഴപ്പങ്ങളെല്ലാം ഉണ്ടാക്കുന്നത്. യേശു വിനെയും അവന്റെ അനുയായികളെയും അറസ്റ്റു ചെയ്യണമെന്നാണ് എന്റെ വ്യക്തി പരമായ അഭിപ്രായം. സന്നദ്രീം സംഘ ത്തിലെ മറ്റു സദൂക്യരോടും ഞാൻ ഇതേ പ്പറ്റി സംസാരിച്ചു. അവർക്കും ഇതേ അഭി പ്രായമാണുള്ളത്. ഇതുപോലെ തുടരാൻ ഞങ്ങൾ യേശുവിനെ അനുവദിക്കയില്ല. അവന്റെ പ്രവർത്തനങ്ങൾക്ക് ഒരറുതി വരു ത്തിയേ മതിയാവൂ.'

നവോമി കൂടുതൽ ഭയപ്പെട്ടു. യേശു വിന്റെ പ്രസംഗം കേൾക്കാൻ പോയതു കൊണ്ടു തന്റെ മകന് എന്തെങ്കിലും സംഭ വിച്ചിരിക്കുമോ എന്നവൾ സംശയിച്ചു.

സന്ധ്യ മയങ്ങി. ആ തെരുവ് വിജനമാ യിത്തുടങ്ങി. ഏതാനും ചില കടകൾ മാത്രമേ തുറന്നിരിപ്പുള്ളൂ. നവോമി അവ ളുടെ അന്വേഷണം തുടർന്നുകൊണ്ടിരുന്നു.

'അമ്മേ, അമ്മേ', ബഞ്ചമിന്റെ ശബ്ദം. അവൻ അവളെ കണ്ട് ഓടിവന്നു. അപ്പോ ഴത്തെ സന്തോഷം വർണ്ണനാതീതമായിരു ന്നു.

'മകനേ, നീയിതുവരെ എവിടെയായി രുന്നു?' നവോമി ക്രുദ്ധയായി. 'വേഗം തിരി ച്ചുവരണമെന്നു പറഞ്ഞല്ലേ നിന്നെ അയ ച്ചത്?'

'എന്നാൽ അമ്മേ, എനിക്കതിനു കഴി ഞ്ഞില്ല. എത്ര വലിയ അത്ഭുതം! ഞാൻ അമ്മയോട് എല്ലാം പറയാം.'

അപ്പോഴേക്കും പട്ടണത്തിൽനിന്ന് യേശു വിന്റെ പ്രസംഗം കേൾക്കാൻ പോയിരുന്ന മറ്റ് ആളുകളും തിരിച്ചെത്തി. അവർ ബഞ്ച മിനേക്കാളും സാവധാനം നടന്നുവരികയാ യിരുന്നു.

'തന്റെ അനുഭവം പറയുവാൻ ദയവായി ആ കുട്ടിയെ അനുവദിക്കുക.' ബേത്സയിദ ക്കാരനായ യേശുവിന്റെ ശിഷ്യൻ അന്ത്ര യോസ് ആണ് അതു പറഞ്ഞത്. 'നിങ്ങൾ കേൾക്കേണ്ട ഒരു കഥ തന്നെയാണ് അവനു പറയാനുള്ളത്' അദ്ദേഹം പറഞ്ഞു.

'അമ്മേ, ഇന്ന് ഏറ്റവും വലിയ അത്ഭുതം സംഭവിച്ചു. യേശുവിന്റെ പ്രസംഗം കേൾക്കാൻ പതിനായിരക്കണക്കിനാളുകൾ തടിച്ചുകൂടി. അദ്ദേഹം രോഗികളെ സൗഖ്യ മാക്കി. അതിലൊരാൾ ഇവിടെ ബേത്സയി

ദയിൽ താമസിക്കുന്ന കുരുടനായ ജസ്സിയാണ്. മുടന്തിയായ ഒരു ബാലികയേയും അപസ്മാരം ബാധിച്ച ഒരു ബാലനേയും സൗഖ്യമാക്കുന്നതു ഞാൻ കണ്ടു. ദൈവരാജ്യത്തെക്കുറിച്ചുള്ള ധാരാളം കഥകൾ പറഞ്ഞു.

കുട്ടികളെ അദ്ദേഹം എടുത്തു മടയിലിരുത്തി. അവരുടെ തലയിൽ തലോടി. അപ്പോഴേക്കും നേരം വൈകിയിരുന്നു. എല്ലാവർക്കും വിശന്നു. എന്നാൽ അവിടെ ഭക്ഷണമൊന്നുമില്ലായിരുന്നു- എന്റെ കൈയിലെ ഭക്ഷണപ്പൊതിയൊഴിച്ച്...'

'ബഞ്ചമിൻ അവന്റെ ഭക്ഷണപ്പൊതി യേശുവിന്റെ പക്കൽ കൊടുത്തു'. അന്ത്രയോസ് ഇടയ്ക്കു കയറി പറഞ്ഞു, 'ഭക്ഷണപ്പൊതിയുമായി ഞാൻ അവനെ യേശുവിന്റെ അരികെ കൊണ്ടുപോയി. ആ അഞ്ചപ്പവും രണ്ടു മീനും ഇത്രമാത്രം ആയതെങ്ങനെയെന്നു ഞാൻ കണ്ടില്ല. തീർച്ചയായും അത്രയും പേർക്ക് ഇതുകൊണ്ടു വിശപ്പുമാറ്റാൻ സാധിക്കുമായിരുന്നില്ല.'

ബഞ്ചമിൻ പറഞ്ഞു, 'യേശു പ്രാർഥിച്ചു. ഭക്ഷണത്തെ അനുഗ്രഹിപ്പാൻ ദൈവത്തോടപേക്ഷിച്ചു. പിന്നീട് ശിഷ്യന്മാർ അതു ജനങ്ങൾക്കു കൊടുക്കുവാൻ തുടങ്ങി. അമ്മയ്ക്കു വിശ്വസിക്കാമോ? എന്റെ കൈയിലുണ്ടായിരുന്ന ഭക്ഷണം കൊണ്ട് അയ്യായിരം പേർക്കു ഭക്ഷിപ്പാൻ സാധിച്ചു. അതൊരതിശയമായിരുന്നു അമ്മേ. എങ്ങനെ അതു സംഭവിച്ചു എന്നെനിക്കറിയില്ല. അതൊരത്ഭുതമായിരുന്നു!'

'അതേ, എല്ലാവരും നിറച്ചു ഭക്ഷിച്ചു. ആർക്കും തന്നെ വിശന്നു പോകേണ്ടിവന്നില്ല. എല്ലാവരും തിന്നുകഴിഞ്ഞു പന്ത്രണ്ടു കൊട്ട ശേഷിക്കയും ചെയ്തു!' അന്ത്രയോസ് നവോമിയോടു പറഞ്ഞു.

രാത്രിയായി. കടകൾ അടച്ചു. ഗ്രാമത്തിൽനിന്നു തിരികെ വന്നവരും കടയുടമയുമെല്ലാം ഒന്നിച്ചു നടന്നുനീങ്ങി. അവർ കേട്ടതിനെക്കുറിച്ച് എല്ലാവരും വിസ്മയം പൂണ്ടു. നഗരവാസികളിൽനിന്നു പലതരത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടായി.

എരിവുകാരനായ ഐസക്ക് ആത്മഗതം ചെയ്തു. 'ഇതുതന്നെയാണു പറ്റിയ സന്ദർഭം. പൊതുജനത്തിന്റെ പിന്തുണയോടെ റോമാക്കാരെ നശിപ്പിക്കണം. റോമിനെ ഞങ്ങൾ കീഴ്പ്പെടുത്തും. യേശു അങ്ങനെ നയിക്കും- ഞങ്ങൾ അവനെ രാജാവായി വാഴിക്കും.'

സദൂക്യനായ ഏലിയുടെ ചിന്ത മറ്റൊന്നായിരുന്നു. 'സൂക്ഷിച്ചില്ലെങ്കിൽ യേശുവും അവനോടുകൂടെയുള്ളവരും കൊല്ലപ്പെടുവാൻ പോകയാണ്. അവന്റെ പ്രവർത്തനങ്ങൾക്കു ഞങ്ങൾ ഒരറുതി വരുത്തുകതന്നെ ചെയ്യും.'

എന്നാൽ നാഥാനാകട്ടെ, അവന്റെ മതത്തെക്കുറിച്ചും മോശയുടെ ന്യായപ്രമാണത്തിൽനിന്നും യേശു ജനങ്ങളെ പിൻതിരിപ്പിക്കുന്നതിനെപ്പറ്റിയും ചിന്തിച്ചു. 'ഞാൻ ന്യായപ്രമാണത്തെ നശിപ്പിപ്പാനല്ല, അതിനെ നിവർത്തിപ്പാനത്രെ വന്നത്' എന്ന് യേശു പറയുന്നത് അവൻ കേട്ടിരുന്നു. എന്നാൽ യേശുവാകട്ടെ, എല്ലാറ്റിനെയും തന്നെ നശിപ്പിക്കുവാൻ ശ്രമിക്കുന്നതായിട്ടാണ് അവനു തോന്നിയത്. അവന് അത് അശേഷം ഇഷ്ടമായില്ല. 'ഞങ്ങളുടെ യെഹൂദ നിയമങ്ങൾ മുറുകെ പിടിക്കുക തന്നെ ചെയ്യും' അവൻ ആത്മഗതം ചെയ്തു.

യേശുവിനാൽ സൗഖ്യം ലഭിച്ചവർക്ക് ഇതിൽ നിന്നൊക്കെ വ്യത്യസ്തമായ ചിന്താഗതിയായിരുന്നു. മുടന്തിയായിരുന്ന ബാലിക, യേശു അവൾക്കുവേണ്ടി ചെയ്തതോർത്തപ്പോൾ സന്തോഷത്താൽ ഓടുകയും ചാടുകയും ചെയ്തു. യേശു സൗഖ്യമാക്കിയ കുരുടനായ വൃദ്ധൻ ജസ്സി വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു, 'ഞാൻ കുരുടനായിരുന്നു; എന്നാൽ ഇപ്പോൾ എനിക്കു കാണാം.'

ബഞ്ചമിൻ പറഞ്ഞു 'ഇന്നെന്തൊരു ദിവസമായിരുന്നു, എന്താണു സംഭവിച്ചതെന്ന് എനിക്കിപ്പോഴും മനസ്സിലാകുന്നില്ല. ഞാൻ കൊണ്ടുചെന്ന ഭക്ഷണം യേശു എടുത്ത് അയ്യായിരം പേർക്കു നിറച്ചു ഭക്ഷിപ്പാൻ കൊടുത്തു എന്നു മാത്രമേ എനിക്കറിയൂ. യേശു രോഗികളെ സൗഖ്യമാക്കുന്നതും, വിശക്കുന്നവർക്ക് ആഹാരം കൊടുക്കുന്നതും ഞങ്ങളോടു കഥകൾ പറയുന്നതും ഞങ്ങളെല്ലാവരെയും സ്നേഹിക്കുന്നതും ഞാൻ കണ്ടു. എനിക്കും അതിൽ ഒരു പങ്കുണ്ടായി. ഞാൻ കൊണ്ടുചെന്നത് മറ്റുള്ളവരെ സഹായിക്കുന്നതിനായി യേശു ഉപയോഗിച്ചു. ദൈവരാജ്യമെന്നു പറയുന്നതും ഒരുപക്ഷേ ഇതുപോലെയായിരിക്കും.

*കടപ്പാട്:ബൈബിൾ കഥ, സി.എസ്.എസ്., തിരുവല്ല*


ഏറ്റവും നല്ലത്
ബിജു
ടിപ്പു മിടുക്കനായ ഒരു നായ്കുട്ടിയാണ്.
ഞാനിങ്ങനെ പണിയെടുക്കാതെ യജമാനനെ ആശ്രയിച്ചു കഴിയുന്നത് കഷ്ടം തന്നെ!
അങ്ങനെ ടിപ്പു ജോലി തേടിയിറങ്ങി.
ഹമ്മോ.. ഈ ജോലി എനിക്ക് ചെയ്യാൻ പറ്റില്ല, ഇത്രയും ഭാരം ഈ കഴുതയ്ക്കേ ചുമക്കാൻ കഴിയൂ.
പിന്നീട്
ഹയ്യടാ.. ഇവരുടെ പണി കൊള്ളാം മധുരമായി പാടുക!
ടിപ്പു പാടാൻ തുടങ്ങി.
ബേ.. ബോ.. ബൗ..ഭൗ..
ഛെ! എന്റെ ശബ്ദം പാടാൻ പറ്റിയതല്ല.
കുരയ്ക്കലും കാവലിരിക്കലും തന്നെയാണ് എനിക്ക് പറ്റിയ പണി.
അവരവർക്ക് ചെയ്യാൻ സാധിക്കുന്ന പണി തന്നെയാണ് ഏറ്റവും മഹത്തരമെന്ന് ടിപ്പുവിന് ബോദ്ധ്യമായി.

# കൗൺസിലറോടു ചോദിക്കാം





## ലൈംഗീകത ആത്മീയതയെ നശിപ്പിക്കുന്നതെങ്ങനെ?

**ഡോ. സജികുമാർ കെ. പി., പി. എച്ച്. ഡി**
ക്രിസ്ത്യൻ കൗൺസിലർ, കോട്ടയം

**ചോദ്യം**

"സാർ ഒരു സമാധാനവും ഇല്ലാത്ത അവസ്ഥയിലാണ് ഞാൻ ഇതെഴുതുന്നത്. ഞാൻ വളരെ ബഹുമാനിക്കുകയും എന്റെ മാതാപിതാക്കൾ വളരെ ആരാധിക്കുകയും ചെയ്യുന്ന ഒരു വ്യക്തി എന്നോട് തെറ്റായ രീതിയിൽ പെരുമാറുന്നു. എനിക്ക് പേടിയാണ്. ഇത് മാതാപിതാക്കളോടു പറഞ്ഞാൽ അവർ ഒരിക്കലും അംഗീകരിക്കില്ല. എന്നെ കുറ്റപ്പെടുത്തുകയേ ഉള്ളൂ. പക്ഷേ ഈ ചൂഷണം മുന്നോട്ടു പോയാൽ ഞാൻ നശിക്കുകയേ ഉള്ളൂ. ഞാൻ എന്തു ചെയ്യണം."

**ഉത്തരം**

ലോകത്ത് ഏറ്റവും കൂടുതൽ ലൈംഗിക അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഇൻഡ്യാ മഹാരാജ്യത്താണ്. ഓരോ 155 മിനുട്ടിലും പതിനാറു വയസ്സിൽ താഴെയുള്ള ഒരു കുട്ടിയെങ്കിലും ലൈംഗീക ചൂഷണത്തിന് വിധേയപ്പെടുന്നു. അത് ആരോടെങ്കിലും തുറന്നു പറയാൻ കുട്ടികൾക്ക് ഭയമാണ്. പ്രധാന കാരണം സമൂഹവും കുടുംബാംഗങ്ങളും ഇവരെ ഒറ്റപ്പെടുത്തുമെന്നും തരംതാണ രീതിയിൽ കാണുമെന്നുമുള്ള ആശങ്കയാണ്. ലൈംഗിക പീഡനത്തിന് ഇരയാകുന്നവരിൽ 90% പേരും ഏറ്റവും അടുത്ത ബന്ധുവിൽ നിന്നും കസിൻസിൽ നിന്നും അയൽവാസിയിൽ നിന്നു മൊക്കെയാണ് ഇതു നേരിടേണ്ടി വരുന്നത്.

കൗമാരവും യൗവ്വനവും ലൈംഗിക ജിജ്ഞാസയുടെ പ്രായമാണ്. ലൈംഗികത അതിന്റെ പൂർണ്ണതയിലേക്കു വളരുന്ന സമയമായതു കൊണ്ട് അത് പരീക്ഷിച്ചു നോക്കാൻ ആഗ്രഹം തീവ്രമാകുന്ന പ്രായമാണിത്. ചൂഷണങ്ങൾക്കു വിധേയപ്പെട്ടു കൊടുക്കാൻ കുട്ടികൾ പെട്ടെന്നു സ്വാധീനിക്കപ്പെടുന്നത് ഈ കാരണം കൊണ്ടുമാകാം. ഇന്നത്തെ സോഷ്യൽ മീഡിയ മുഴുവൻ നിറഞ്ഞു നിൽക്കുന്നത് അസാന്മാർഗികതയെ ഹീറോവൽക്കരിക്കുന്ന ചിന്തകളാണ്. സകല സിനിമകളും നിറയെ പ്രണയവും ആസ്വാദനങ്ങളുമാണ് കുട്ടികളുടെ ചിന്തകളിലേക്ക് പകർന്നു നൽകുന്നത്. ആത്മീയതയുടെ മൂല്യശോഷണം കാരണം പാപത്തെ വിരൽ ചൂണ്ടുന്ന മാനസാന്തരം ആരും പ്രസംഗിക്കാറില്ല. തകർന്ന ആത്മീയതയിൽ നിന്നാണ് ഒരു തകർന്ന ജീവിതം രൂപപ്പെടുന്നത്.

ലൈംഗിക അതിക്രമങ്ങളിലേക്ക് വിധേയപ്പെട്ടു പോകാതിരിക്കാൻ നമ്മൾ അതിർവരമ്പുകൾ സൂക്ഷിക്കാൻ പഠിക്കണം. "നോ" പറയേണ്ടിടത്ത് ശക്തമായി "നോ" പറയാൻ പരിശീലിക്കണം. ലൈംഗികത നിറഞ്ഞു നിൽക്കുന്ന സിനിമാ ആസക്തിയിൽ നിന്ന് കുട്ടികൾ പുറത്തുവരണം. സോഷ്യൽ മീഡിയയിലെ ശരി തെറ്റുകൾ നാം മനസ്സിലാക്കേണ്ടതുണ്ട്.

ലൈംഗികത അതിരു ലംഘിക്കുന്ന ഒന്നാമത്തെ പടിയിൽത്തന്നെ പ്രതികരിക്കണം. ശക്തമായ ഭാഷയിൽത്തന്നെ എതിർപ്പ് പ്രകടിപ്പിക്കുകയും അത്തരം സാഹചര്യത്തിൽ നിന്ന് ഓടി അകലുകയും ചെയ്യണം.

അപ്പനമ്മമാരോട് എന്തും തുറന്നുപറയാവുന്ന സ്വാതന്ത്ര്യം ഉണ്ടാകണം. കുട്ടികളുടെ തുറന്നു പറച്ചിൽ കുറ്റപ്പെടുത്തലിൽ അവസാനിപ്പിക്കാതെ മാതാപിതാക്കൾ ക്ഷമയോടെ കാര്യങ്ങൾ അവരെ പറഞ്ഞു ബോധ്യപ്പെടുത്തണം. നല്ല ആത്മീയ നിലവാരം പുലർത്തുന്ന കുടുംബത്തിലെ കുട്ടികൾ വഴി തെറ്റിപ്പോകാൻ സാദ്ധ്യത കുറവാണ്. അപ്പനും അമ്മയും തമ്മിൽ സ്നേഹവും ദൈവകൃപയും പരിശീലിക്കണം. ആ മാതൃക കുട്ടികൾക്കു കാണിച്ചു കൊടുക്കണം.

സഭകളിൽ കുട്ടികൾക്ക് തുറന്നു സംസാരിക്കാനും അവരെ കേൾക്കാനും ആത്മീയ വഴികാട്ടികളാകാനും മുതിർന്നവർ മുന്നിട്ടു വരണം. അന്ത്യകാലത്ത് അനേകർ ജഡത്തിനും മനോവികാരങ്ങൾക്കുമനുസരിച്ച് ജീവിക്കുമ്പോൾ നമ്മുടെ തലമുറ നഷ്ടപ്പെട്ടു പോകാതിരിക്കട്ടെ.

*കൂട്ടുകാരേ, നിങ്ങളുടെ ചോദ്യങ്ങൾ, സംശയങ്ങൾ ഇന്നുതന്നെ ഞങ്ങൾക്കെഴുതുക.*

**കൗൺസിലറോടു ചോദിക്കാം, നന്മ,
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട്സിയോൻ,
മുളക്കുഴ, ചെങ്ങന്നൂർ 689 505**



# ഓർമ്മശക്തി

**സജിനി ബ്ലെസൺ**
*Consultant Counselling Psychocogist*

കണക്കിലെ സമവാക്യങ്ങളും, ആശാൻ കവിതയിലെ വരികളും എത്ര പഠിച്ചാലും മറന്നു പോകുന്നു, എന്ന് കൊച്ചുകൂട്ടുകാരുടെ സ്ഥിരം പരാതികളാണ്. മറവി മനുഷ്യസഹജമാണ്. എന്നാൽ എത്ര ശ്രമിച്ചാലും മറക്കാതിരിക്കാനും നമുക്ക് കഴിയും. പഠിച്ചതോ, അനുഭവിച്ചതോ ആയ എന്തെങ്കിലും ഒരു കാര്യം വർത്തമാനത്തിലേക്ക് കൊണ്ടുവരുന്ന പ്രക്രിയയാണ് ഓർമ്മ.

**ഓർമ്മിക്കുക എന്നതിന്
3 ഘട്ടങ്ങളാണുള്ളത്.**

**1. പരിവർത്തനം ചെയ്യുക (Memory encoding)**

നിങ്ങൾ ഒരു രാജ്യത്ത് നിന്നും മറ്റൊരു രാജ്യത്തേക്ക് യാത്ര ചെയ്യുമ്പോൾ അവിടുത്തെ കറൻസിയിലേക്ക് മാറ്റം ചെയ്യുന്നതുപോലെ നാം കാണുകയോ, കേൾക്കുകയോ അനുഭവിക്കുകയോ ചെയ്യുന്ന കാര്യങ്ങൾ തലച്ചോറിന് മനസ്സിലാകുന്ന രീതിയിൽ മാറ്റം ചെയ്യുന്നു.

**2. ഓർമ്മയിൽ സൂക്ഷിക്കുക (Memory Storage)**


2 രീതിയിൽ സൂക്ഷിക്കുന്നു

| Short term memory | Long term memory |
| --- | --- |
| 5-9 വസ്തുക്കൾ | ജീവിതകാലം |
| 30 സെക്കന്റ് മാത്രം | മുഴുവൻ |

**3. ഓർമ്മയിൽ നിന്നും വീണ്ടെടുക്കുക (Memory Retreival)**

**ഓർമ്മിക്കുക എന്ന പ്രക്രിയ ശക്തീകരിക്കാനുള്ള ചില വഴികൾ**

1. **ശ്രദ്ധയും, നിരീക്ഷണവും**
ഒരു ചെടി കണ്ടാൽ, പുതിയ സ്ഥലങ്ങൾ കണ്ടാൽ, ഉപകരണങ്ങൾ, ഒക്കെ നന്നായി ശ്രദ്ധിക്കുമ്പോൾ ഓർമ്മയിലേക്കു പതിയുന്നു.
2. **വിവരങ്ങളെ ബന്ധിപ്പിക്കുക**
ശ്രദ്ധിക്കുന്ന കാര്യങ്ങൾ നമുക്കറിയാവുന്ന കാര്യങ്ങളുമായി ബന്ധപ്പെടുത്തി ഓർമ്മിക്കുക. ഉദാ. പേരുകൾ, സ്ഥലങ്ങൾ
3. ACRONYM എന്നത് ആദ്യത്തെ അക്ഷരങ്ങൾ കൊണ്ട് വാക്യങ്ങൾ നിർമ്മിക്കുന്ന ഓർമ്മിക്കാനുള്ള തന്ത്രമാണ്. ഉദാ. മഴവില്ലിന്റെ നിറങ്ങൾ
V-Violet
I - Indigo
B - Blue
G - Green
Y - Yellow
O - Orange
R - Red
4. അർത്ഥവും ഉദ്ദേശ്യവും മനസ്സിലാക്കുക
5. Rhymes
പാട്ട് താളത്തിലാക്കി ഓർമ്മിക്കുക
*ഉദാ. 30 days are September, April, June & November*
6. Chunking
വലിയ അറിവുകളെ മുറിച്ച് ചെറിയ വസ്തുക്കളാക്കി പഠിക്കുക
*ഉദാ. 10 number - 5,3,2 നമ്പറുകളാക്കി ഓർക്കുക*
7. മാനസിക കല്പന (Imagery)
പഠിക്കാനുള്ള കാര്യങ്ങളെ മനസ്സിൽ കണ്ട് ഓർമ്മിക്കുക
8. പോഷകസമൃദ്ധമായ ആഹാരം
Brainy Diet
Omega 3 fatty acid കൾ നിറഞ്ഞ ചെറിയ മീനുകൾ പയർ, പരിപ്പ്, ഇലവർഗ്ഗങ്ങൾ.



# ടെക്കനും ടെക്കിയും

തയ്യാറാക്കിയത്: റെന്നി. ജെ



## ഈ-മാലിന്യം

സ്വ.ലേ.

മാലിന്യം എന്നു കേൾക്കുമ്പോൾ തന്നെ നാം മൂക്ക് പൊത്തും. പക്ഷേ ദുർഗന്ധം ഇല്ലാതെ ഭൂമിയേയും പ്രപഞ്ചത്തെയും മലിനമാക്കുന്ന ഒന്നായി ഈ-വെയിസ്റ്റ് അഥാ ഇലക്ട്രോണിക്ക് മാലിന്യങ്ങൾ മറിയിരിക്കുന്നു. ഇലക്ട്രോണിക്ക് ഉപകരണങ്ങളിലെ പ്ലാസ്റ്റിക്ക് ഘടകങ്ങളും, രാസവസ്തുക്കളുമെല്ലാം ശരിയായ രീതിയിൽ എന്നുവെച്ചാൽ പുനരുപയോഗിക്കുന്ന രീതിയിൽ സംസ്ക്കരിച്ചില്ലെങ്കിൽ മനുഷ്യജീവൻ തന്നെ അപകടത്തിലാകുവാൻ അധികം കാലതാമസം വേണ്ട. ഇന്ന് വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും ഒരുപോലെ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് ഈ-മാലിന്യ സംസ്കരണം എന്നത്.

*വാൽകഷ്ണം: നമുക്ക് പ്രതിജ്ഞ ചെയ്യാം ഞാൻ എന്റെ കൈവശം ഉള്ള ഇ-മാലിന്യങ്ങൾ പ്രകൃതിക്ക് ഹാനികരമല്ലാത്ത രീതിയിൽ മാത്രമേ സംസ്കരിക്കൂ. എന്റെ വൈകശമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ശരിയായ കാര്യങ്ങൾക്കു മാത്രമേ ഉപയോഗിക്കൂ.*



## ഒരു പ്രളയവും കുറെ മൊബികളും



പ്രളയത്തിനിടയിൽ എന്താ മൊബികൾക്ക് കാര്യം എന്നൊരു പഴഞ്ചൊല്ല് മൊബികൾക്കിടയിലുണ്ടെങ്കിലും 2018 ലെയും 2019 ലെയും പ്രളയങ്ങളിൽ കേരള ജനതയെ അകമഴിഞ്ഞ് സഹായിച്ചത് മൊബികുട്ടൻമാരായിരുന്നു. കേരളത്തിന്റെ കൺട്രോൾ റൂമായി പ്രവർത്തിച്ച മൊബികളെ എത്ര അഭിനന്ദിച്ചാലും മാതിയാകില്ല എന്നതാണ് ഫ്രീക്കൻമാരോടൊപ്പം തന്നെ കേരളജനതയുടെ മൊത്തം അഭിപ്രായം.






## പ്രലോഭനങ്ങളിൽ അകപ്പെടാതെയിരിക്കുവാൻ പ്രാർത്ഥിക്കാം

ഇന്ന് തെറ്റും ശരിയും വേർതിരിച്ചെടുക്കുവാൻ ഏറെ പ്രയാസമുള്ള ലോകത്തിലാണ് നാം ജീവിക്കുന്നത്. പക്ഷേ തിന്മയിലേക്കുള്ള പ്രലോഭനങ്ങൾ എന്തുതന്നെയാകട്ടെ പ്രാർത്ഥനയാൽ നമുക്കവയെ തരണം ചെയ്യുവാൻ സാധിക്കും.

## അടിമകൾ ഉടമകൾ

അടിമകൾ ഉടമകളും, ഉടമകൾ അടിമകളുമായി ഒരിക്കലും തീരാറില്ല. എന്നാൽ ഈ ശാസ്ത്ര ലോകത്തിൽ നമ്മെ അടിമകളാക്കി നമ്മുടെ ഉടമകളായി മാറുന്ന അനവധി ഉപകരണങ്ങളും, ആപ്ലീക്കേഷനുകളുമുണ്ട്. മുഖപുസ്തകം എന്നിങ്ങനെ ശരിയായി കൈകാര്യം ചെയ്തില്ലെങ്കിൽ നമ്മെ അടിമകളാക്കുന്ന അനവധി കാര്യങ്ങൾ നമുക്ക് ചുറ്റും ഉണ്ട്.



www.cogsundayschool.org cgisundayschool@gmail.com cogsundayschool



## ഇന്ത്യ ചന്ദ്രനിൽ

വളരെ കുറഞ്ഞ ചെലവിൽ ഉപഗ്രഹങ്ങൾ ബഹിരാകാശത്ത് വിക്ഷേപിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഇന്ത്യൻ ശാസ്ത്ര വിഭാഗം ചന്ദ്രനിൽ തങ്ങളുടെ ഉപഗ്രഹം ഇറക്കുവാൻ ശ്രമിച്ച് 99% വിജയിച്ച കഥ നാം കേട്ടിരിക്കുമല്ലോ? നാളെ അത് പൂർണ്ണ വിജയത്തിലേക്കെത്തിക്കുന്നതിൽ ഇന്ന് നാം കുട്ടികൾ എന്ന് വിളിക്കുന്നവരും കാണാം. അതുകൊണ്ട് ആരും നിസ്സാരമല്ല. ആരെയും നിസാരരായി കാണുകയും അരുത്.

## ടെക്കമ്മാവൻ & ടെക്കമ്മായി





ആൽബാ ബോബി

# വരൂ! ഔട്ട് ഓഫ് കവറേജ് ഏരിയയിലേക്ക്

കൂട്ടുകാരെ, മൊബൈൽ ഫോൺ ഇല്ലാത്ത ഒരു ജീവിതം ഇന്നത്തെ കാലത്ത് ചിന്തിക്കാൻ സാധിക്കുകയില്ല. മൊബൈൽ ഫോണിന് നമ്മുടെ ജീവിതത്തെ അത്രമാത്രം സ്വാധീനിക്കുവാൻ സാധിച്ചിരിക്കുന്നു. രണ്ടും നാലും ഫോണുകൾ ഇല്ലാത്ത ഭവനങ്ങൾ വിരളമാണ്. വളരെ ചെറുപ്പം മുതൽ തന്നെ മൊബൈൽ ഫോണിനെ കണ്ടും തൊട്ടും വളരുന്ന കുഞ്ഞുങ്ങളാണ് ഇന്നത്തെ തലമുറകളിൽ മിക്കപേരും. കൊച്ചു കുട്ടികൾ കാർട്ടൂണിനും ഗെയിമിനും ഒക്കെ അടിമകളായി തീർന്നുകൊണ്ടേയിരിക്കുന്നു. ചിലപ്പോൾ മൊബൈൽ ഫോൺ നമ്മുടെ വിലപ്പെട്ട സമയത്തെ കാർന്നുതിന്നുന്നുണ്ടാവാം. നാം അതിനു ഇരകളായി തീർന്നിരിക്കുന്നു എന്ന് സാരം.

പണ്ടത്തെ അമ്മമാർ കാക്കയെയും പൂച്ചയേയും കാണിച്ചു, ചുറ്റപാടിനെ പരിചയപ്പെടുത്തി കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കുമായിരുന്നു. ഭക്ഷണം കഴിപ്പിക്കൽ പ്രക്രിയ പ്രകൃതിയെയും ചുറ്റുപാടിനെയും പരിചയപ്പെടുത്തി മാതാപിതാക്കൾ തങ്ങളുടെ വിലപ്പെട്ട സമയത്തെ ചിലവഴിച്ചിരുന്നു. എന്നാൽ ഇന്നു അത് കുറഞ്ഞിരിക്കുന്നു. മൊബൈൽ ഫോണിലെ കാർട്ടൂണുകൾ ഈ സ്ഥാനം ഏറ്റെടുത്തിരിക്കുന്നു. അറിവുകൾ പകരുമെങ്കിലും അനുഭവസമ്പത്തായി ഇതു പരിണമിക്കുന്നില്ല.

മൊബൈൽ ഫോണിന് അനവധി നല്ല വശങ്ങളും ദൂഷ്യ വശങ്ങളും ഉണ്ട്. അതുകൊണ്ട് തന്നെ അവ നമ്മെ നിയന്ത്രിക്കാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. കൂട്ടുകാരെ, അമിതമായ മൊബൈൽ ഫോൺ ഉപയോഗത്തിൽ നിന്നും കരകയറേണ്ടതിനു എന്തെല്ലാം ചെയ്യാം എന്ന് ചിന്തിക്കാം.

**1. പ്രകൃതിയുമായി ബന്ധം നിലനിർത്തുന്ന വിനോദങ്ങളിലേക്ക് തിരിച്ചു വരാം.**

നൂതന സാങ്കേതിക വിദ്യ നമ്മെ പല കാര്യങ്ങളിലും മടിയരാക്കിയിട്ടുണ്ട്. എവിടെങ്കിലും ചടഞ്ഞുകൂടിയിരുന്നു കാര്യനിർവഹണം നടത്താൻ പ്രേരിപ്പിക്കുന്നത് ഇവയാണ്. ഓടിയും, ചാടിയും കളിച്ചും നടക്കേണ്ട ബാല്യത്തെ ഒരു മൊബൈൽ ഫോണിന് മുൻപിൽ ബലിയാടാക്കി ഒടുക്കുന്നത് എത്ര ദുഃഖകരമാണ്! ഇടക്കാലത്തു ടെലിവിഷൻ ആയിരുന്നു ഭ്രമം. അലസരാക്കാൻ ടെലിവിഷൻ വഹിക്കുന്ന സ്ഥാനം ഇന്നും ഒട്ടും കുറവല്ല. ഇവ

യെല്ലാം നമ്മുടെ കഴിവുകളെ തളച്ചിടുന്നതാണ്.

നമ്മുടെ ചലനശേഷി വർധിപ്പിക്കുന്ന മോട്ടോർ സ്കില്ലുകളെ (motorskills ) പരിപോഷിപ്പിക്കുന്നതായ വിനോദങ്ങളാണ് നമുക്കാവശ്യം. നടക്കുകയും ഓടിക്കളിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ചലനങ്ങളോടൊപ്പം ബൗദ്ധിക ഉന്മേഷവും സാധ്യമാകും.

കൂട്ടുകാരൊത്ത് ക്രിക്കറ്റും, പന്ത് തട്ടലും, വീട് കളിയുമായി ഒത്തു കൂടു.. നല്ല സൗഹൃദങ്ങൾ വളരട്ടെ!

**2. സർഗാത്മകവാസനയിൽ ശ്രദ്ധ ചെലുത്താം.**

ക്രിയാത്മകമായി ചിന്തിക്കുന്നവരെയാണ് ഇന്നത്തെ കാലത്തിന് ആവശ്യം. മൊബൈൽ ഫോണിന് മുൻപിൽ അർപ്പിക്കപ്പെടുന്ന ജീവിതം നമ്മെ ക്രിയാത്മകമായി ചിന്തിക്കുന്നതിൽ നിന്നും വിലക്കുന്നു. വീഡിയോകൾ കണ്ട് സമയം ചിലവഴിക്കുന്നതിലൂടെ കാര്യങ്ങൾ കണ്ടു മനസ്സിലാക്കാൻ മാത്രമേ സാധിക്കൂ. ക്രിയാത്മകമായി അതിനെ കൊണ്ടുവരുവാൻ നാം സമയം ചിലവഴിക്കാറില്ല. ബിൽഡിംഗ് ബ്ലോക്സ്, വീടു കളി മുതലായ കളികൾ നമുക്ക് കളിച്ചു തുടങ്ങാം. ബുദ്ധി വികാസത്തിന് പ്രയോജനപ്രദമായ board ഗെയിംസും നമുക്ക് ശീലം ആകട്ടെ!

**3. വരൂ, അടുക്കും ചിട്ടയും ഉള്ള ജീവിതത്തിലേക്ക്**

മൊബൈൽ ഫോണിന് മുൻപിൽ സമയം ചെലവഴിക്കുമ്പോൾ നമ്മുടെ ദൈനംദിന ജീവിതത്തിലെ പലതും ക്രമംകെട്ട് പോകാറുണ്ട്. നമ്മുടെ കിടക്ക കാണുമ്പോൾ അതൊന്നു വിരിച്ചിടാൻ നമ്മൾക്ക് ഉത്സാഹിക്കാം. മേശകളും, ഷെൽഫുകളും അടുക്കി വെക്കാം. അലമാരകൾ അടുക്കാം. അടുക്കും ചിട്ടയും ഉള്ള ജീവിതം നമുക്ക് ശീലമാക്കാം.

**4. വായനാശീലം വളർത്തു..**

പണ്ട് വായനാ എന്ന് പറഞ്ഞാൽ പുസ്തക വായന എന്ന് എടുത്ത് പറയേണ്ടതില്ലായിരുന്നു. ഇന്ന് e ബുക്സും അനേകം വെബ്സൈറ്റുകളും നിലവിൽ ഉള്ളതുകൊണ്ട് പുസ്തകത്തെ നാം പുറന്തള്ളാറുണ്ട്. സ്ക്രീനിൽ അധികസമയം നോക്കുന്നത് നമ്മുടെ കണ്ണുകൾക്ക് നല്ലതല്ല. പണ്ട് പുസ്തകങ്ങൾ കൈവശപ്പെടുത്തുന്നത് ഒരു ഹരമായിരുന്നു. പ്രശസ്ത പുസ്തകങ്ങളുടെ ഒരു കോപ്പി കൈവശം ഉള്ളത് ഒരു അഭിമാനമായിരുന്നു. ഒരു ബൈബിൾ നമുക്ക് സ്വന്തമായി ഉണ്ടായിരിക്കട്ടെ. രാവിലെ തന്നെ ബൈബിൾ ധ്യാനത്തിൽ ആരംഭിക്കുന്ന ജീവിതം എത്ര സംതൃപ്തമാണ്! അവിടെ തുടങ്ങുന്നു നിങ്ങളുടെ ചിട്ടയുള്ള ജീവിതം. നമ്മുടെ വഴിയെ ക്രമപ്പെടുത്താൻ വചനത്തിന് ശക്തിയുണ്ട്.

മറ്റൊന്നും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാതെ ഇരിക്കാൻ ജീവന്റെ വചനത്തെ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ ഏൽപ്പിച്ചു കൊടുക്കുക. മൊബൈൽ ഫോണിന്റെ അനാവശ്യമായ സ്വാധീനത്തിൽ നിന്നും രാവിലെ തന്നെ ചെയ്യുന്ന ദൈവവചന ധ്യാനത്തിന് നമ്മെ വിടുവിക്കുവാൻ സാധിക്കും.

എന്ത് പറയുന്നു കൂട്ടുകാരേ? നമുക്കൊന്നും മാറിയാലോ? അധികസമയം മൊബൈൽ ഫോണിന് കൊടുക്കാതെ സന്തുലിതമായ ജീവിതം കെട്ടിപ്പടുക്കുവാൻ നമുക്ക് സാധിക്കട്ടെ...





കവിത

ലൗലി ഷാജി തോമസ്

# പറന്നുയരാൻ


ഒരു കുഞ്ഞു പൂമ്പാറ്റ പോലെ ഞാൻ
പാറി പറന്നീടുമെന്നുടെ ബാല്യത്തിൽ
ചിറകറ്റു വീഴാതെ താങ്ങായി തണലായി
പറന്നുയർന്നീടുവാൻ ബലമെനിക്കേകണേ!

കാറ്റിലും മഴയിലും വെയിലിലും മഞ്ഞിലും
ഭീതിയേറീടുമീജീവിതവഴികളിൽ
തളരാതെ പതറാതെ മുമ്പോട്ടു പോയിടാൻ
കൈവിടാതെന്നെ നീ കാത്തു കൊള്ളേണമേ!


എന്നെ തളർത്തുവാൻ എന്നെ തകർക്കുവാൻ
ഭയമെന്നിലേകിയും ലക്ഷ്യം മറന്നിടാൻ
എൻമുമ്പിൽ വന്നിടുമോരോരോ കാഴ്ചകൾ
എന്നെ മയക്കാതെ ഭദ്രമായ് കാക്കണേ!

പറന്നുയർന്നീടുമോ പൂമ്പാറ്റപോലെ ഞാൻ
പുതുപുത്തൻ നിറമോടെ അങ്ങയെ കാണുവാൻ
വചനത്തെ മറക്കാതെ അതുപോലെ പാലിപ്പാൻ
ഓരോരോ ദിവസവും കൃപയെനിക്കേകണേ!

ദുരിതവും ദുഃഖവും ആധിയും വ്യാധിയും
അടിക്കടി വർദ്ധിച്ചു വന്നീടുമീ ഭൂവിൽ
ഭയമേതുമില്ലാതെ പറന്നങ്ങുയരുവാൻ
ഓരോ നിമിഷവും കരങ്ങളിൽ താങ്ങണേ!



# പദപ്രശ്നം



### വലത്തോട്ട്

1. കനാൻ ദേശത്തിന്റെ ഇപ്പോഴത്തെ പേര്
4. യിസ്രായേൽ ജനം ആരാധിച്ച ഒരു അന്യദൈവം
6. മരണം കൂടാതെ എടുക്കപ്പെട്ട ആദ്യത്തെ വ്യക്തി
7. അമോര്യരുടെ പിതാവ്
9. ഇയ്യോബിന്റെ സ്വദേശം
10. ആഹാബ് രാജാവ് കാരാഗൃഹത്തിൽ അടപ്പിച്ച പ്രവാചകൻ
11. ദാവീദിന്റെ സ്നേഹിതനായിരുന്ന ശൗലിന്റെ മകൻ

### താഴോട്ട്

1. പത്രോസ് എന്ന വാക്കിന്റെ അർത്ഥം
2. ഈ സ്ഥലത്തെ ദേവദാരുമരം പ്രസിദ്ധിമാണ്.
3. പൗലൂസ് ക്രേത്തയിൽ വിട്ടിട്ടു പോയ സഹപ്രവർത്തകൻ
5. പൗലൂസിന്റെ സ്വദേശം
7. യോസേഫിന്റെ ഇളയ സഹോദരൻ
8. ദൈവം വിളിക്കുന്ന സമയം അബ്രഹാമിന്റെ പേരെന്തായിരുന്നു







പൊങ്ങുന്നു പൊങ്ങുന്നു ആവിയായ് പൊങ്ങുന്നു മാറുന്നു മാറുന്നു മേഘമായ് മാറുന്നു വീശുന്നു വീശുന്നു കാറ്റതിൽ വീശുന്നു വീഴുന്നു വീഴുന്നു മഴയായ് വീഴുന്നു. (സങ്കീ. 135:7)



# അഹങ്കാരം മാറി

**ബിജു കെ. ജോൺ കോട്ടയം**

**കു**ഞ്ഞിപ്പൂവ് സുന്ദരിയാണ്.., അവൾക്കു നല്ല ചന്തവും മണവുമുണ്ട്, പക്ഷേ മഹാ അഹങ്കാരി. മാത്രമല്ല മറ്റു പൂക്കളോടെല്ലാം പുച്ഛവും.... 'ഈ തോട്ടത്തിലെ ഏറ്റവും സുന്ദരി ഞാൻ തന്നെ. കണ്ടില്ലേ.. മറ്റുള്ളവരെയൊന്നും കാണാൻ യാതൊരു ഭംഗിയുമില്ല 'അവൾ എല്ലാവരേയും കളിയാക്കും. തേൻ നുകരാനെത്തുന്ന വണ്ടുകളേയും പൂമ്പാറ്റകളേയുമൊന്നും അവളുടെ അരികിലേക്ക് അടുപ്പിക്കുകയുമില്ല. 'ഹും... നിങ്ങളൊന്നും എന്റെ അടുത്ത് വരണ്ട. എന്റെ പതുപതുത്ത ശരീരത്ത വന്നിരുന്നാൽ എന്റെ സൗന്ദര്യം മുഴുവനും നഷ്ടമാകും... 'അഹങ്കാരിയമായ സുന്ദരിപ്പൂവ് പറയും... ഈ കുഞ്ഞിപ്പൂവിന്റെ അഹങ്കാരം തീർത്തേ മതിയാകൂ! പൂമ്പാകൾ തീരുമാനിച്ചു അന്നു വൈകിട്ട് ശക്തമായ കാറ്റും മഴയും വന്നു. പൂക്കളെല്ലാം ഉലഞ്ഞു തുടങ്ങി, മഴത്തുള്ളികൾ അവരുടെ മേൽ പതിച്ചു.... അതു കണ്ട് പൂമ്പാറ്റ പറന്ന് വന്ന് പൂക്കളുടെ മേലിരുന്നു 'ഇനി പൂക്കൾക്കൊന്നിനും ഒരാപത്തും വരില്ല സഹായിക്കാൻ ഞങ്ങളെത്തി' അവർ പറഞ്ഞു. പക്ഷേ സുന്ദരിപ്പൂവിനെ സഹായിക്കാൻ ആരും വന്നില്ല. കാറ്റിൽ പെട്ട് ഏതു നിമിഷവും താഴെ പതിക്കുമെന്ന് കുഞ്ഞിപ്പൂവിനു മനസിലായി . അവൾ ഉറക്കെ കരഞ്ഞു.... 'രക്ഷിക്കണേ... രക്ഷിക്കണേ..'അവളുടെ കരച്ചിൽ കേട്ട് പൂമ്പാറ്റകൾക്ക് മനസലിഞ്ഞു. അവരിൽ ഒരു പൂമ്പാറ്റ പറന്നു വന്ന് കുഞ്ഞിപ്പൂവിന്റെ മേലിരുന്നു അങ്ങനെ അവളെ രക്ഷിച്ചു. അതോടെ കുഞ്ഞിപ്പൂവിന്റെ അഹങ്കാരം മാറി അവൾ മിടുക്കിയായി.



# സമ്മാനം.. സമ്മാനം..

ഇത് നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. വിജയികൾക്ക് കിടിലൻ സമ്മാനം ഉറപ്പ്! വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ **2019 ഡിസംബർ 30ന് മുൻപായി** മറുപുറത്തു കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

# പദപ്രശ്നം

മിസി ബിജു കൊന്നപ്പാറ

### താഴോട്ട്

1. ലേയയുടെ മകൾ (2)
2. സഹോദരന്മാരോട് കഠിനമായി സംസാരിച്ച മന്ത്രി (3)
3. കല്ദയരുടെ ഒരു പട്ടണം (2)
4. ഔഗുസ്ത്യ പട്ടാളത്തിലെ ശതാധിപൻ (3)
5. യിസ്രായേലിലെ രണ്ടാമത്തെ രാജാവ് (3)

### വലത്തോട്ട്


2. രാജാവായ പിതാവിനോട് പറയാതെ ശത്രുക്കളോടു യുദ്ധത്തിനു പോയ മകൻ (4)
3. ഇയ്യോബിന്റെ സ്വന്തദേശം (2)
4. തിമൊഥെയോസിന്റെ അമ്മ (3)
8. തബീഥാ ഏത് ദേശക്കാരിയാണ് (2)

### മുകളിലോട്ട്

4. കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവ് (3)
5. കുതിരയുടെ കുതികാൽ കടിക്കുന്ന പാമ്പ് ആര് (2)
6. അമ്മ പറഞ്ഞ ആലോചനയാൽ അനുഗ്രഹം പ്രാപിച്ച മകൻ (3)

### ഇടത്തോട്ട്

6. കൂടാരവാസികൾക്കും പശുപാലകന്മാർക്കും പിതാവ് (3)
7. ബെഥേലിന്റെ വേറൊരു പേര്? (2)




**പദപ്രശ്നം പൂരിപ്പിച്ച് 2019 ഡിസംബർ 30നു മുൻപായി അയച്ചുതരുക. എല്ലാ ഉത്തരവും ശരിയാക്കുന്നവർക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഒപ്പം നിങ്ങളുടെ കലാ സൃഷ്ടികളും ഞങ്ങൾക്ക് അയച്ചുതരേണ്ട വിലാസം**

**സമ്മാനം, സമ്മാനം, നന്മ,**
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
**E:** cgisundayschool@gmail.com
**W: www.cogsundayschool.org**

**കഴിഞ്ഞലക്കം വിജയികൾ**

1. Annu Gee Varghese, Kalamassery
2. Shifa Sajan Varghese, Pullenchery
3. Bezalel Mathew, Valakom
4. Jerlin K George, Pullenchery

പേര് ........................................ വയസ്സ്..........
അഡ്രസ്സ് ..............................................................
.............................................................................
.................................. പിൻ ............................
ഫോൺ ...................................................................






Shifa Sajan Varghese
Age: 11 | Pullenchery



Bezalel Mahew
Age: 14 | Valakom



Anu Gee Varghese
Age: 13 | Kalamassery



Jerlin K. George
Age: 10 | Pullencherry



Sam P. Salu
Age: 10 | Thiruvalla



# വേദപുസ്തക പരിഭാഷയ്ക്കായി ഒരു രക്തസാക്ഷി

# വില്യം ടിൻഡേൽ

## (എ.ഡി 1494-1536)

അതീവ രഹസ്യമായി വില്യം ടിൻഡേൽ വേദപുസ്തക പരിഭാഷ നടത്തികൊണ്ടിരുന്ന മുറിയിലേക്ക് വില്യമിന്റെ സുഹൃത്തായ ഹെൻട്രി വന്നത് വില്യമിന് സന്തോഷം പ്രദാനം ചെയ്തു. വില്യം എന്താണ് ചെയ്യുന്നതെന്ന് അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ച ഹെൻട്രിയോട് വേദപുസ്തക പരിഭാഷയെപ്പറ്റി വില്യം വിശദമാക്കി. സഭാധികാരികളും ഭരണാധിപന്മാരും അനുവാദം നല്കാത്ത ഈ പ്രവൃത്തി താൻ ചെയ്യുന്നതിന്റെ ആവശ്യം വില്യം ഹെൻട്രിയെ ബോധ്യപ്പെടുത്തി.

മൂലഭാഷയിൽ എഴുതപ്പെട്ട ഒരു വേദപുസ്തകം ഹെൻട്രിയുടെ കരങ്ങളിൽ കൊടുത്തിട്ട് വായിക്കുവാൻ വില്യം ആവശ്യപ്പെട്ടു. എബ്രായഭാഷ വായിക്കുവാനറിയാത്ത ഹെൻട്രിയുടെ നിസ്സഹായാവസ്ഥയിൽ വില്യം തന്റെ പരിഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് തന്റെ സുഹൃത്തുമായി പങ്കുവെച്ചു. ഇംഗ്ലീഷുകാർക്ക് അവരുടെ ഭാഷയിൽ വേദപുസ്തകം നല്കുവാനുള്ള പ്രവർത്തനത്തെ മനസിലാക്കിയ ഹെൻട്രിയെ സ്നേഹത്തോടെയാണ് വില്യം യാത്രയാക്കിയത്. ദൈവം തന്റെ ഹൃദയത്തിൽ നല്കിയ ആഗ്രഹത്തെ ദൗത്യ പൂർത്തീകരണത്തിലെത്തിക്കുവാൻ അതീവ ജാഗ്രതയോടെ പ്രയത്നിച്ച വില്യം സുഹൃത്തിനാൽ ചതിക്കപ്പെടുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ദൈവീക പ്രവൃത്തിയോടു പൂർണ്ണ അനുസരണം കാണിച്ച് വേദപുസ്തക പരിഭാഷ നടത്തികൊണ്ടിരുന്ന വില്യമിന്റെ രഹസ്യമുറിയുടെ വാതിലിൽ ആരോ മുട്ടി വിളിക്കുന്ന ശബ്ദം കേട്ട് കതക് തുറന്ന വില്യമിനെ ആ കാഴ്ച ഞെട്ടിച്ചു. പട്ടാളക്കാർ തന്നെ അറസ്റ്റ് ചെയ്യുവാൻ വന്നു നില്ക്കുന്ന രംഗം. തന്റെ ആത്മസുഹൃത്ത് തന്നെ ഒറ്റികൊടുത്തുവെന്ന യാഥാർത്ഥ്യം വില്യമിനെ വേദനിപ്പിച്ചുവെങ്കിലും ദൈവത്തോടുള്ള തന്റെ അനുസരണത്തിൽ നിന്നും വ്യതിചലിക്കുവാൻ വില്യം തയ്യാറല്ലായിരു

ന്നു. പട്ടാളക്കാരുടെ മുൻപിൽ സധൈര്യം നിന്ന വില്യമിനെ അവർ അറസ്റ്റ് ചെയ്ത് ചാൾസ് അഞ്ചാമന്റെ മുൻപാകെ ഹാജരാക്കി. പതിനാറ് മാസം ജയിൽ വാസം കഴിഞ്ഞ്, വിചാരണയിൽ വില്യം ടിൻഡേയിലിനെ ദൈവദൂഷകനായി പ്രഖ്യാപിച്ചു.

1494-ൽ ഇംഗ്ലണ്ടിലെ ഗ്ലൗസസ്റ്റർ എന്ന പട്ടണത്തിലാണ് വില്യം ജനിച്ചത്. ഓക്സ്ഫോർഡിൻ നിന്നും പഠനം പൂർത്തിയാക്കിയ വില്യം ലൂഥറിസത്തിലും പ്രാവിണ്യം നേടി. ലൂഥറിന്റെ ആശയത്തെ ചർച്ച ചെയ്തിരുന്ന വൈറ്റ് ഹോഴ്സ് ഇൻ എന്ന വിദ്യാർത്ഥി സംഘടന ദൈവശാസ്ത്ര ചിന്തകൾ ചർച്ച ചെയ്തത് സഭാധികാരികൾ എതിർത്തു. 1521 ൽ വടക്കൽ ബാത്തിൽ അദ്ധ്യാപകനായും ചാപ്ലയിനായും വില്യം നിയമിതനായി. അദ്ധ്യാപകവൃത്തിയും, പ്രസംഗവും, ചെയ്യുന്നതിനൊപ്പം പരിഭാഷയിലും വ്യാപൃതനായി. മൂലഭാഷയിൽ മാത്രം എഴുതപ്പെട്ടിരുന്ന വേദപുസ്തകത്തിന് സാധാരണക്കാരുടെ ഭാഷയിലേക്ക് പരിഭാഷ നടത്തണമെന്ന ദൈവീക ദൗത്യത്തെ വില്യം സ്വയം ഏറ്റെടുത്തു. മരണം വരെ ദൈവവചനം വായിക്കുകയും പഠിക്കുകയും സാധാരണക്കാർക്ക് മനസിലാകുന്ന ഭാഷയിൽ അവയെ പരിഭാഷ നടത്തി ബൈബിൾ എല്ലാവർക്കും നല്കുകയെന്ന ലക്ഷ്യത്തിനുവേണ്ടി കർമ്മ നിരതനായി.

ഇംഗ്ലണ്ടിലെ ബിഷപ്പിനെ ബൈബിൾ പരിഭാഷയ്ക്ക് വേണ്ടി വില്യം സമീപിച്ചെങ്കിലും അനുകൂല പ്രതികരണം ലഭിച്ചില്ല. ഇംഗ്ലണ്ട് തന്റെ പ്രവർത്തനങ്ങൾക്ക് സുരക്ഷിതമല്ലെന്നു ബോധ്യമായതോടെ ജർമ്മനിയിലേക്ക് പോകുവാൻ വില്യം നിർബന്ധിതനായി. വില്യം റോയുടെ സഹായത്തോടെ പുതിയനിയമ പരിഭാഷ പൂർത്തിയാക്കി. പുതിയനിയമ അച്ചടിക്ക് ശ്രമിക്കുന്നത് എങ്ങനെയോ സെനറ്റിന്റെ കാതുകളിലെത്തുകയും പുസ്തകം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് അധികാരികളിൽ നിന്നും ഉണ്ടായി.

രഹസ്യ മാർഗ്ഗത്തിലൂടെ ലൂഥറൻ സിറ്റിയിൽ കടന്ന വില്യം 1525-ൽ പരിഭാഷ പൂർത്തിയാക്കിയ പുതിയനിയമം അച്ചടിച്ച് പുറത്തിറക്കി. അവ കപ്പൽ മാർഗ്ഗം തന്റെ സുഹൃത്തിന്റെ സഹായത്തോടെ ഇംഗ്ലണ്ടിലെ നഗരങ്ങളിലും യൂണിവേഴ്സിറ്റിയിലും വിതരണം ചെയ്തു. സഭാധികാരികൾ വില്യമിന്റെ പ്രവർത്തനങ്ങളിൽ രോക്ഷാകുലരായി. ദുരുപദേശമെന്ന നിലയിൽ പുതിയനിയമം നിരോധിച്ചുകൊണ്ടുള്ള കല്പന പള്ളിയിൽ വായിച്ചു. കാന്റെർബറി ആർച്ച് ബിഷപ്പ് തനിക്ക് ലഭിക്കാവുന്നിടത്തോളം ബൈബിൾ ശേഖരിച്ച് സെന്റ് പോൾ ദേവാലയത്തിനു മുൻപിൽ കൂട്ടിയിട്ട് തീ കത്തിച്ചു.

പഴയനിയമം കൂടെ വിവർത്തനം ചെയ്യുവാനാഗ്രഹിച്ച വില്യം എബ്രായ ഭാഷ പഠിച്ചു. 1529 ൽ ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയെങ്കിലും കപ്പലപകടത്തിൽ കൈയ്യെഴുത്തു പ്രതികൾ നഷ്ടമായി. രണ്ടാമതും പരിഭാഷ നടത്തി കൊണ്ടിരിക്കുമ്പോഴാണ് ഹെൻട്രി തന്നെ ഒറ്റിക്കൊടുക്കുകയും ഇംഗ്ലണ്ടിലെ സൈന്യം വില്യം ടിൻഡേലിനെ അറസ്റ്റ് ചെയ്യുന്നതും. 1536-ൽ പതിനാറ് മാസത്തെ തടവിനു ശേഷം കുറ്റക്കാരനായി വിധിച്ച് ജീവനോട് തീ വെച്ച് കൊല്ലുവാൻ തീരുമാനിച്ചു.

മരണത്തിനു മുൻപിലും പതറാതെ ദൈവം ഏല്പിച്ച ഉത്തരവാദിത്വം എന്ന നിലയിൽ ബൈബിൾ പരിഭാഷ നിർവ്വഹിച്ച വില്ല്യം ജീവനോടെ അഗ്നിക്ക് ഇരയായി. അഗ്നി ശരീരത്തിൽ ആളിപടരുമ്പോൾ വില്യം ടിൻഡേലിന്റെ അവസാന പ്രാർത്ഥന "കർത്താവേ ഇംഗ്ലണ്ടിലെ രാജാവിന്റെ കണ്ണുതുറക്കേണമേ" എന്നതായിരുന്നു. പ്രാർത്ഥനാ നിരതനായ വില്യം ടിൻഡേൽ വേദപുസ്തകപരിഭാഷയ്ക്കായി രക്തസാക്ഷിയായി മാറുകയായിരുന്നു.

*കടപ്പാട്: തിമഥി ചിൽഡ്രൻസ് ഫെസ്റ്റ്*

TYNDALE




**CHURCH OF GOD IN INDIA KERALA STATE SUNDAY SCHOOL DEPARTMENT**

**students camp**

**പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC)**
**അണക്കര, കുമളി**
**ഡിസംബർ 26, 27 (വ്യാഴം, വെള്ളി)**
(ഡിസംബർ 26 രാവിലെ 9.30 മുതൽ ഡിസംബർ 27 വൈകിട്ട് 4 വരെ)

- 13 മുതൽ 18 വയസ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം
- പ്രകൃതി രമണിയമായ ക്യാമ്പ് സെന്റർ
- പ്രകൃതിദൃശ്യം കാണാൻ അവസരം
- ക്രിസ്മസ് അവധിക്കാലം അവസ്മരണീയമാക്കാൻ യേശുവിനോടൊപ്പം രണ്ടു ദിവസം
- കൂട്ടുകാർക്ക് ആവേശമുണർത്തുന്ന അനവധി സെഷനുകൾ
- തികഞ്ഞ ആത്മീക അച്ചടക്കം
- പ്രഗത്ഭരായ അദ്ധ്യാപകർ നേതൃത്വം നൽകുന്നു.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്ക് മാത്രം പ്രവേശനം

കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ ജെയിംസ് ടി. 9645936612
ഫിലുമോൻ ജോസഫ് 9447383875
അജിമോൻ കെ. വർഗീസ് 9446131059

രജിസ്ട്രേഷൻ ഫീസ് 150 രൂപ

Church of God Kerala State Sunday School Department



താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്കു ശേഷം ചില ഓപ്ഷനുകൾ കൊടുത്തിട്ടുണ്ട്. അതിൽ യോജിക്കുന്നവ 'ടിക്' ചെയ്ത് നിങ്ങളുടെ സുഹൃത്ബന്ധം ആരോഗ്യകരമാണോ എന്ന് കണ്ടെത്താം.

# സുഹൃത്ബന്ധം ആരോഗ്യകരമാണോ?

1) എന്റെ സുഹൃത്തും ഞാനും തമ്മിൽ കൂടെക്കൂടെ വഴക്കുണ്ടാക്കാറുണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

2) എന്റെ തെറ്റുകളെ എന്റെ സുഹൃത്തു ചൂണ്ടിക്കാണിക്കാറുണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

3) എന്റെ സുഹൃത്തിന് എന്നോട് അസൂയയുണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

4) ആത്മീയ കാര്യങ്ങളിൽ എന്റെ സുഹൃത്തിനു വളരെ താത്പര്യമുണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

5) എന്റെ സുഹൃത്തിനെ പലർക്കും ഭയമാണ്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

6) എന്നെക്കാൾ ഉയർന്ന പഠനനിലവാരമാണ് എന്റെ സുഹൃത്തിനുള്ളത്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

7) ഞാൻ ഇഷ്ടപ്പെടാത്ത ചില ദുശ്ശീലങ്ങൾ എന്റെ സുഹൃത്തിനുണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

8) എനിക്കും എന്റെ സുഹൃത്തിനും ഇടയ്ക്കു അനാരോഗ്യപരമായ മത്സരചിന്ത കടന്നുവരാറുണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

9) എനിക്കും എന്റെ സുഹൃത്തിനും ഇടയ്ക്കു പരിഹരിക്കപ്പെടാത്ത ചില വിയോജിപ്പുകൾ (disagreements) ഉണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

10) ഞാൻ പലതിലും എന്റെ സുഹൃത്തിനെ അമിതമായി ആശ്രയിക്കാറുണ്ട്.
☐വളരെ ശരി | ☐ശരി | ☐തെറ്റ് | ☐തികച്ചും തെറ്റ്

---

* ഇനി പ്രസ്താവനകളിൽ 1, 3, 5, 7, 8, 9, 10 എന്നിവയ്ക്ക് താഴെ പറയുന്ന രീതിയിൽ മാർക്ക് നൽകുക.
**വളരെ ശരി –4, ശരി – 3, തെറ്റ് – 2, തികച്ചും തെറ്റ് – 1.**
* പ്രസ്താവനകളിൽ ബാക്കിയുള്ളവയായ 2, 4, 6 എന്നിവയ്ക്കു താഴെ കൊടുക്കുന്നപോലെ മാർക്കു നൽകുക.
**വളരെ ശരി – 1, ശരി – 2, തെറ്റ് – 3, തികച്ചും തെറ്റ് – 4.**

---

ഇനി നിങ്ങൾ 'ടിക്' ചെയ്തു കിട്ടിയ മാർക്കുകൾ മൊത്തം കൂട്ടുക. നിങ്ങൾക്കു കിട്ടിയ മാർക്ക് 10നും 20നും ഇടയ്ക്കാണെങ്കിൽ നിങ്ങൾക്കുള്ളത് ഒരു നല്ല സുഹൃത്താണ്.

20നും 30നും ഇടയ്ക്കാണെങ്കിൽ ഈ സുഹൃത്ബന്ധം അത്ര ആരോഗ്യകരമല്ല. അധികം താമസിയാതെ നിങ്ങൾ ഈ സുഹൃത്തുമായി അകലുക തന്നെ വേണ്ടിവരും.

30നും 40നും ഇടയ്ക്കാണെങ്കിൽ ഉടൻ തന്നെ ഈ സുഹൃത്തിനെ ഉപേക്ഷിക്കണം. കാരണം ഈ സുഹൃത്തുമൂലം നിങ്ങൾ വളരെ ദോഷത്തിലായിക്കഴിഞ്ഞു.

*കടപ്പട്: ന്യൂ ജനറേഷൻ ടീനേജ് / ഡോ. സജി കെ.പി.*



# പരീക്ഷയ്ക്ക് തയ്യാറാകുമ്പോൾ

- പരീക്ഷയുടെ തലേദിവസം ടെൻഷനുകൾ ഒഴിവാക്കണം. പഠിക്കാനുള്ള പാഠങ്ങൾ എല്ലാം നേരത്തെ പഠിച്ചുതീർത്ത് റിവിഷൻ നടത്തണം.
- പരീക്ഷയുടെ തലേ രാത്രി നന്നായി ഉറങ്ങണം
- പരീക്ഷ ദിവസം നേരത്തെ തന്നെ പരീക്ഷാഹാളിൽ എത്തണം.
- ചോദ്യപേപ്പർ വായിച്ചു തുടങ്ങുന്നതിനു മുമ്പ് കണ്ണടച്ച് ഒരു മിനിറ്റ് പ്രാർത്ഥിക്കണം.
- ഓരോ ഉത്തരത്തിനും എത്ര സമയം ഉപയോഗിക്കാം എന്ന ധാരണ നേരത്തെ മനസ്സിൽ ഉണ്ടാവണം. ഓരോ ഉത്തരത്തിനും അതതിന്റെ സമയം മാത്രമേ എടുക്കാവൂ. അല്ലെങ്കിൽ അറിയാവുന്ന ഉത്തരങ്ങൾ എഴുതാൻ പോലും ഉള്ള സമയം തികയില്ല.
- ഉത്തരങ്ങൾ എഴുതുമ്പോൾ നമ്പറുകൾ മാറിപ്പോകാതെ സൂക്ഷിക്കണം. ചോദ്യത്തിന്റെ നമ്പരും ഉത്തരങ്ങളും തമ്മിൽ മാറിപ്പോകാതെ പ്രത്യേകം ശ്രദ്ധിക്കണം.
- അറിയാത്ത ഉത്തരങ്ങൾക്ക് ചിന്തിച്ച് സമയം കളയാതെ അറിയാവുന്നവ ആദ്യം എഴുതിത്തീർക്കണം. എന്നിട്ട് സംശയമുള്ള ചോദ്യങ്ങൾ ചിന്തിച്ച് എഴുതാൻ ശ്രമിക്കാം.
- ഉത്തരപേപ്പർ നോക്കുന്ന ആൾക്ക് വായിക്കാൻ കഴിയുന്ന വിധം നല്ല കൈയ്യക്ഷരത്തിൽ എഴുതി ശീലിക്കണം.
- പ്രധാന പോയിന്റുകളും ഹെഡ്ഡിംഗും അടിവരയിടുന്നത് നല്ലതാണ്.
- ഒന്നിലധികം പേനയും പെൻസിലും കയ്യിൽ കരുതണം. ഒന്ന് തെളിയാതെ വന്നാൽ അടുത്തത് ഉപയോഗിക്കാം.

## ഓഗസ്റ്റ് 11ന് നടന്ന സൺഡേസ്കൂൾ ഡേയോടനുബന്ധിച്ച് വിവിധ സഭകളിൽ നടന്ന കുട്ടികളുടെ പ്രോഗ്രാമിൽ നിന്ന്...















തിരുവനന്തപുരം ടൗൺ സെന്ററിലെ നീരമാൻകുഴി സഭയിലെ കുഞ്ഞുങ്ങൾ എഴുതിയ കൈയെഴുത്തു മാഗസിൻ പ്രകാശനം ചെയ്യുന്നു.


















## മേഖലാ സമ്മേളനങ്ങൾ

ദൈവസഭയുടെ ചരിത്രത്തിൽ ആദ്യമായി സണ്ടേസ്കൂൾ മേഖലാടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റമാരുടേയും അദ്ധ്യാപകരുടേയും ലീഡർഷിപ്പ് സെമിനാറുകൾ കേരളത്തിലെ 10 മേഖലകളിലായി നടന്നു. വർദ്ധിച്ച അദ്ധ്യാപക പങ്കാളിത്തം മീറ്റിംഗുകളിൽ ഉണ്ടായിരുന്നത് പ്രവർത്തകരിൽ ആവേശമുണർത്തി. പ്രവർത്തന വിശാലതയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സ്റ്റേറ്റ് സെക്രട്ടറി സമ്മേളനങ്ങളിൽ നല്കുകയും സണ്ടേസ്കൂൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് ഇതുമൂലം കേരളത്തിലുട നീളം ദൈവ സഭകളിൽ ഉണ്ടായിട്ടുണ്ട്.









# സൗത്ത് സോൺ സൺഡേ സ്കൂൾ ക്യാമ്പ്

തിരുവനന്തപുരം: സെപ്റ്റംബർ 12,13, 14 തീയതികളിൽ ചർച്ച് ഓഫ് ഗോഡ് സണ്ടേസ്കൂൾ സൗത്ത് സോൺ ക്യാമ്പ് അനുഗ്രഹപ്രദമായ നിലയിൽ തിരുവനന്തപുരം മണ്ണന്തലയിലുള്ള മാർത്തോമ്മ ക്യാമ്പ് സെൻററിൽ വച്ച് നടന്നു. 131 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. സൺഡേ സ്കൂൾ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജെ. ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സോണൽ പ്രസിഡന്റ് പാസ്റ്റർ വത്സലദാസ് അദ്ധ്യക്ഷനായിരുന്നു.

15 കുട്ടികൾ രക്ഷിക്കപ്പെടുകയും 13 പേർ സ്നാനപ്പെടുവാനായി തീരുമാനിക്കുകയും 8 പേർ അഭിഷേകം പ്രാപിക്കുകയും 35 പേർ ദൈവവേലക്കായി സമർപ്പിക്കപ്പെടുവാനും ക്യാമ്പ് മുഖാന്തിരമായി.

മാനസിക സമ്മർദ്ധത്തിലും ആത്മഹത്യാ പ്രേരണയിലും പ്രേമബന്ധങ്ങളിലും കുടുങ്ങി കിടന്ന ചിലരെ അതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ ക്യാമ്പ് കാരണമായി.

തിമഥി ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തകരെ കൂടാതെ ബ്രദർ ഷാർലറ്റ് മാത്യു, പാ. സാം ജി.എസ്., ഡോ. സജി കെ.പി., പാ.ഷിബു മാത്യു, ഡോ. ജേക്കബ് മാത്യു, പാ. സാംകുട്ടി, പാ. സാലു വർഗ്ഗീസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.


മേഖലാ സെക്രട്ടറി ബിനു ചാക്കോയുടെ നേതൃത്വത്തിൽ സോണൽ കമ്മറ്റി ക്യാമ്പിന് നേതൃത്വം നൽകി.





CHURCH OF GOD KERALA STATE

# SUNDAY SCHOOL DEPARTMENT
























പ്രീസ്കൂൾ മുതൽ
12–ാം ക്ലാസ്
വരെയുള്ള
ഇംഗ്ലീഷ്, മലയാളം
പാഠപുസ്തകങ്ങൾ
ഓഫീസിൽ ലഭ്യമാണ്.

പരിഷ്കരിച്ച പാഠപുസ്തകങ്ങൾ




കുട്ടികളുടെ
മാസിക

cogsundayschool.org



Global, Tiruvalla 9447802967